# പത്രക്കുറിപ്പ്

തിരുവനന്തപുരം: സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും, സമൂഹമാധ്യമങ്ങളുടെ ദുരുപയോഗവും സൈബർ കുറ്റകൃത്യങ്ങളിൽ പെട്ടുപോകുന്ന സാഹചര്യങ്ങളും തടയുന്നതിനു വേണ്ടി തിരുവനന്തപുരം സിറ്റി പോലീസ് നഗരത്തിലെ വിദ്യാലയങ്ങളിലെ പ്രിൻസിപ്പൽമാർക്കും ഹെഡ്മാസ്റ്റർ മാർക്കുമായി ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിൻ ഉദ്ഘാടനം ചെയ്തു.

ഇന്നലെ പോലീസ് ട്രയിനിങ്ങ് കോളെജിൽ നടന്ന ബോധവത്കരണ പരിപാടിയിൽ നഗരത്തിലെ വിദ്യാലയങ്ങളിലെ പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും മറ്റു അദ്ധ്യാപകരുമടക്കം ഇരുന്നൂറോളം പേർ പങ്കെടുത്തു. വിഷയുമായി ബന്ധപ്പെട്ട് അദ്ധ്യാപകരുടെ സംശയങ്ങൾക്ക് സഞ്ജയ് കുമാർ ഗുരുദിൻ ഐ.പി.എസ്സ് മറുപടി നൽകി.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, ലഹരി ഉപയോഗം കുട്ടികൾ ഉൾപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ, തുടങ്ങിയവ ഇല്ലാതാക്കുന്നതിന് സ ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനും, ഇത്തരം സംഭവങ്ങൾ തടയുന്നതിനായി എസ്.പി.സി പോലുള്ള സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ആവശ്യമായ നിയമസഹായം നേടുന്നതിനും അധികാരികൾ ശ്രദ്ധ ചെലുത്തണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ഇതുസംബന്ധിച്ച് സ്കൂൾ അധികൃതർ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും വിശദീകരണം നടത്തി.

എല്ലാ സൂകൂളുകളിലും ( യു.പി.എസ്, എച്ച്.എസ്സ്, പ്ലസ് ടു ) സകൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ ( എസ്.പി.ജി ) അതാത് സ്ഥലങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ രൂപികരിക്കാനും എല്ലാ അവസാന പ്രവർത്തി ദിവസങ്ങളിലും എസ്.പി.ജി യോഗം നടത്തി സ്കൂൾ അന്തരീക്ഷം അവലോകനം നടത്താനും തീരുമാനിച്ചു. സ്കൂൾ പരിസരങ്ങളിലെ ലഹരി വിൽപ്പനയുമായി ബന്ധപ്പെട്ട് നിരന്തരം വിവരശേഖരണം നടത്തി ഷാഡോ പേലീസ്, പിങ്ക് പോലീസ് എന്നിവരെ നിയോഗിച്ച് ലഹരി വിൽപ്പനക്കാരെ പിടികൂടി ശക്തമായ നിയമ നടപടികളുങ്കടുക്കാനും തീരുമാനിച്ചു. ബോധവൽക്കരണ സെമിനാറിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ആർ ആദിത്യ, സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റൻറ് കമ്മീഷണർ പ്രമോദ് കുമാർ എന്നിവരും പങ്കെടുത്തു.

O/o Asst. Commissioner of Police, City Spl. Branch, Trivandrum City

തിരുവനന്തപുരം

08/06/2019

ജില്ലാ പോലീസ് കമ്മീഷണർ

തിരുവനന്തപുരം